കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത്

# 2015-16

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം
email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ (ബിപി1)319/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ- 680 020
Email: dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 15.03.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ . ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ (ബിപി1)319/2017 തീയതി: 15.03.2017

# തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14/04/2016 മുതൽ 21/02/2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015-2016 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുരേഷ്ബാബു.വി ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-02-2017 മുതൽ 28-02-2017 വരെ |
| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | ശ്രീമതി.ലത.എം.എൻ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |

| | |
|---|---|
| | ശ്രീ.എം.എൽ. അഗസ്റ്റിൻ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ചൈതന്യാപുരുഷോത്തമൻ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽകുമാർ.കെ.സി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജോയ്സൻ .സി.ജെ.<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.എസ്.ഏലിയാമ്മ | 1.4.15 മുതൽ 30.10.15 വരെ |
| | ഭരണനിർവ്വഹണ കമ്മിറ്റി | 31.11.15 മുതൽ 19.11.15 വരെ |
| | ശ്രീ.ബസന്ത് ലാൽ | 19.11.15 മുതൽ 31.3.16 വരെ |

| | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പി.വി.സത്യൻ | 1.4.2015 മുതൽ 07-02-2016 വരെ |
| | ശ്രീ. പി.എച്ച്.ഷൈൻ | 08-02-2016 മുതൽ 31.3.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | ടി.വി.ഉണ്ണികൃഷ്ണൻ | 1.4.2015മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ജോസഫ്ജോൺ. | 01-04-2015 മുതൽ 31.03.16 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ഫിലിപ്പ് വർഗ്ഗീസ്. | 1.4.2015മുതൽ 28-02-2016 വരെ |
| | ശ്രീരേഖ.എൽ.എ. | 01-03-2016 മുതൽ 31-03-2016 വരെ |
| വ്യവസായവികസന ഓഫീസർ | രമാദേവി | 01.04.2015 മുതൽ 31.03.2016 വരെ. |
| സീനിയർ വെറ്ററിനറി സർജൻ | അനിൽകുമാർ | 01-04-2015 മുതൽ 31-03-2016വരെ. |
| ശിശു വികസന ഓഫീസർ | മാർഗരറ്റ് മാത്യു | 1.4.2015 മുതൽ 31.3.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ലതീഷ് കുമാർ | 01.04.15 മുതൽ 07.09.15 F.N വരെ |
| | എം വി ധർമ്മൻ | 07.09.15 A.N മുതൽ 29.01.16 F.N വരെ |
| | സ്മിതാ ജെയിംസ് | 29.01.16 A.N മുതൽ 25.07.16 വരെ |
| | ശ്രീജ വി | 26.07.16 മുതൽ 31.03.16 വരെ |
| സൂപ്രണ്ട്,സി.എച്ച്.സി, എരുമപ്പെട്ടി | പയസ് ഇഗ്നേഷ്യസ് | 01-04-2015 മുതൽ 30-11-2015 വരെ |
| | സെബാസ്റ്റ്യൻ ടി.ടി. | 01-12-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| ഭാഗം 2 | | |
| 12 | തനതു ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എ.ജീവനക്കാർക്ക് ശമ്പളം നൽകിയ തുക ഇതുവരെയും തിരിച്ചടച്ചില്ല. | 2-1 |
| 13 | ജി.പി.ജി. അക്കൗണ്ടിൽ നിന്നും തനതു ഫണ്ടായ എസ്.റ്റി.എസ്.ബി.അക്കൗണ്ട് 8-ലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ കൃത്യത വ്യക്തമാക്കിയിട്ടില്ല. | 2-2 |
| 14 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 2-3 |
| | ഭാഗം 3 | |
| 15 | പട്ടിക ജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 16 | മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി | 3-2 |
| 17 | സാന്ത്വന ചികിത്സ – മരുന്നുകൾ വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല | 3-3 |
| 18 | മഹിള കിസാൻ ശാക്തീകരൺ പരിയോജൻ അനുമതി തുകയേക്കാൾ അധികം ചെലവ് നടത്തി. ബാലൻസ് തുക തിരിച്ചടതിന്റെ വിശദാംശങ്ങൾ ഇല്ല | 3-4 |
| 19 | ഐ.എ.വൈ.ഭവന നിർമ്മാണം. സഹകരണ ബാങ്കിലെ വായ്പ അക്കൗണ്ടിൽ വിതരണം ചെയ്യാതെ നീക്കിയിരിപ്പായി വൻ തുക കിടക്കുന്നു | 3-5 |
| 20 | IAY വൻതുക മുതനിക്ഷേപമായി വിവിധ അക്കൗണ്ടിൽ കിടക്കുന്നു | 3-6 |
| 21 | സ്ഥാപനവുമായി കരാർ വെക്കുന്നതിന് മുൻപ് ഡി.ഡി കൈമാറി | 3-7 |
| 22 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്താൽ ചെലവ് തുക 12,45,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-8 |
| 23 | മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിനു കൈമാറിയ തുക 10,00,000 രൂപ -നിഷ്ഫലമായ ചെലവ് തുക തിരിച്ചുപിടിക്കേണ്ടതാണ് | 3-9 |
| 24 | കുടിവെള്ള പദ്ധതികൾക്കായി 2015-16 വർഷത്തിൽ ഭൂഗർഭജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുക അപര്യാപ്തം , പ്രവർത്തി | 3-10 |

| | | |
|---|---|---|
| | നടന്നില്ല | |
| 25 | നായാടി കോളനി കുടിവെള്ളപദ്ധതി - അപാകതകൾ | 3-11 |
| 26 | ഇ ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില ബ്ളോക്ക് പഞ്ചായത്തിന്ന ലഭ്യമായില്ല | 3-12 |
| 27 | റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നത് ഉത്തരവുപ്രകാരമല്ല | 3-13 |
| 28 | ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കുന്നതു സംബന്ധിച്ച് | 3-14 |
| 29 | സംയുക്ത റോഡ് നിർമ്മാണ പ്രൊജക്ടുകൾ ഗ്രാമ/ബ്ളോക്കുപഞ്ചായത്തുകൾ- നിബന്ധനകൾ പാലിച്ചിട്ടില്ല | 3-15 |
| 30 | സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണ പ്രവൃത്തി- അപാകതകൾ | 3-16 |
| 31 | IWMP- ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ | 3-17 |
| | ഭാഗം-4 | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന്ന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.3.15 തിയതിയിലെ 146/15ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 301956800 രൂപയും ചെലവ് 301956800 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.16 | 29.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| | |
|---|---|
| 2015-16 | 8.12.16 |

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.ജനറൽ പർപ്പസ് ഗ്രാന്റ് 2014-15 സാമ്പത്തികവർഷത്തെ നീക്കിയിരിപ്പ് വാർഷികകണക്കുപ്രകാരം 2664053 രൂപയും 2015-16 സാമ്പത്തികവർഷത്തെ മുന്നിരിപ്പ് 4231606 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

2.ജനറൽ പർപ്പസ് ഗ്രാന്റ് 2015-16 സാമ്പത്തികവർഷത്തെ നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരം 3854412 രൂപയും വാർഷികകണക്കുപ്രകാരം 3833757 രൂപയുമാണ്. റീകൺസിലിയേഷൻ ശരിയായ രീതിയിൽ നടത്തിയിട്ടില്ല.

3.SBT IWMP ,IAY സ്റ്റേറ്റ് ഷെയർ ,ട്രഷറി .ടി.എസ്.ബി അക്കൗണ്ട് എന്നിവയുടെ റീകൺസീലിയേഷൻ ശരിയായ രീതിയിൽ നടത്തിയിട്ടില്ല. മേൽ അക്കൗണ്ടുകളുടെ മുന്നിരിപ്പ് നീക്കിയിരിപ്പ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് | പാസ്സ് ബുക്ക് | ക്യാഷ് ബുക്ക് | വാർഷികകണക്ക് |
|---|---|---|---|
| SBT IWMP | OB-2388324<br>CB-955918 | 2380074<br>587768 | 311948<br>587768 |
| IAY സ്റ്റേറ്റ് ഷെയർ | OB-6488836<br>CB-2423840 | 19738586<br>2355434 | 5943896<br>2423840 |
| ട്രഷറി .ടി.എസ്.ബി അക്കൗണ്ട് | OB-ഇല്ല<br>CB-3562662 | ഇല്ല<br>3551615 | ഇല്ല<br>3551615 |

4.വാർഷികകണക്കിൽ എൻ.ആർ.ഇ.ജി.എസ്.സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

5.ഐ.എ.വൈ. എസ്.ബി.റ്റി DP സ്റ്റേറ്റ് ഷെയർ 963 പാസ്സ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല

6.വാടകരജിസ്റ്റർ, ടെണ്ടർ ഫോം രജിസ്റ്റർ, ലേലരജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല

7.വാടകകുടിശ്ശിക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല

8.വിവിധ അക്കൗണ്ടുകളുടെ ക്യാഷ്ബുക്കുകൾ ഹാജരാക്കിയിട്ടില്ല

9.കോ ഓപ്പറേറ്റീവ് ബാങ്ക് പലിശയിനത്തിൽ 46260 രൂപ വരവ് വന്നിട്ടുണ്ട് . ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 58645127 |
| വരവ് | 134226453 |
| ആകെ | 192871580 |
| ചെലവ് | 144674999 |
| നീക്കിയിരിപ്പ് | 48196581 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ്. | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5057469 | 27618723 | 32676192 | 32676192 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 4917089 | 14826220 | 19743309 | 19743309 | 2113502 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 70000 | 70000 | 70000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 2023095 | 858506 | 2881701 | 2881701 | 0 | 0 |
| എം.എൻ.ആർ.ജി.എസ്. | 0 | 464186.68 | 464186.68 | 461278 | 2909 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 90 | 56402653 | 76 | 51144198 | 8 | 6 | 84.44 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പ്രോജക്ട് നമ്പർ No. 16 -മുണ്ടത്തിക്കോട് അക്വാട്ടിക്സ് കോംപ്ലക്സ്

2) No. 26-കാഞ്ഞിരക്കോട് പരത്തുകുളം റോഡ്

3) No. 31 -മിണാലൂർകാവത്തുകുളം അംഗൻവാടി ബിൽഡിംഗ്

4) No. 2 ഫിനിഷിംഗ് സ്കൂൾ

5) No. 14-കാരക്കുന്ന് കോളനി സമഗ്രവികസനം

6) No. 15 മംഗലം ഗാന്ധിനഗർ എസ്.സി കോളനി ഡ്രിങ്കിംഗ് വാട്ടർ

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 95% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 804162 | 43700 | -760462 | -94.56% |
| മറ്റുവരവുകൾ | 0 | 0 | 0 | |
| ആകെ | 804162 | 43700 | -760462 | -94.56% |

# 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല

# 1-9 ക്യാഷ് വെരിഫിക്കേഷൻ

നടത്തിയിട്ടില്ല

# 1-10 ആഭ്യന്തരനിയന്ത്രണം

1.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ടെണ്ടർ ഫോം രജിസ്റ്റർ, ലേലരജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല

2.ആഭ്യന്തരനിയന്ത്രണം പൊതുവേ തൃപ്തികരമാണ്

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-06-2015-27.6-2015 | 2014-15 | 12-10-2015 |
| അക്കൗണ്ടന്റ് ജനറലിന്റെ | 17-01-2015 | 2010-11 to | 05-01-2015 |

| ഓഡിറ്റ് | | 2013-14 | |
|---|---|---|---|

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനതു ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എ ജീവനക്കാർക്ക് ശമ്പളം നൽകിയ തുക ഇതുവരെയും തിരിച്ചടച്ചില്ല

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം.ബി-535/15 തീയതി 3/2/2016 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ എൻ.ആർ.ഇ.ജി.എ വിഭാഗം എ.ഇ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് ഡിസംബർ 2015, ജനുവരി 2016 എന്നീ മാസങ്ങളിലെ വേതനം നൽകുവാൻ തനതു ഫണ്ടിൽ നിന്നും പിൻവലിച്ച 1,00,000/-രൂപ നാളിതു വരെയും തനതു ഫണ്ടിൽ തിരിച്ചടച്ചതായി കാണുന്നില്ല. ഈ തുക എത്രയും പെട്ടെന്ന് തനതു ഫണ്ടിൽ തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

### 2-2 ജി.പി.ജി അക്കൗണ്ടിൽ നിന്നും തനതു ഫണ്ടായ എസ്.റ്റി.എസ്.ബി അക്കൗണ്ട് 8-ലേക്ക് ട്രാൻഫർ ചെയ്ത തുകയുടെ കൃത്യത വ്യക്തമാക്കിയിട്ടില്ല

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ ജി.പി.ജി അക്കൗണ്ടിൽ നിന്നും തനതു ഫണ്ടായ എസ്.റ്റി.എസ്.ബി അക്കൗണ്ട് 8-ലേക്ക് ട്രാൻഫർ ചെയ്ത 10,00,000/-രൂപയുടെ കൃത്യത വ്യക്തമാക്കി എത്രയും വേഗം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം 8/15-16 സെക്രട്ടറിക്ക് നൽകി, മറുപടി തൃപ്തികരമല്ല.

### 2-3 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് 2015-2016 സാമ്പത്തിക വർഷത്തിൽ വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടികജാതി വികസനഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1.പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള ധനസഹായം

പ്രോജക്ട് നമ്പർ -62/16

ട്രഷറി ബിൽ നമ്പർ-P27/15-16/17.3.16-50000

P34/15-16/25.3.16-100000

P38/15-16/31.3.16-50000

P31/15-16/25.3.16-150000

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14 യുവാക്കൾക്ക് 50,000 വീതം ഓട്ടോറിക്ഷ വാങ്ങുവാൻ സബ്സിഡി നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഏഴ് പേർക്കാണ് സബ്സിഡി നൽകിയിരിക്കുന്നത് .

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ അർഹതാ മാനദണ്ഡം ഫയലിൽ നിന്നും വ്യക്തമല്ല. പത്രപ്പരസ്യം മുഖേനയാണെങ്കിൽ ആയതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.ഓട്ടോറിക്ഷാ വാങ്ങുന്നതിന് സബ്സിഡി നൽകുമ്പോൾ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടമെന്നിരിക്കെ ആയത് പാലിച്ചിട്ടില്ല

അപേക്ഷകർ ഓട്ടോറിക്ഷ വാങ്ങിയ സ്ഥാപനത്തിൽ നിന്നുള്ള ബിൽ, ഇൻവോയ്സ് എന്നിവ ഹാജരാക്കേണ്ടതാണ്. എന്നാൽ മണിയൻ പെരുംകുന്ന് കോളനി, സന്തോഷ് പുത്തൻകളത്തിൽ എന്നിവർ ബിൽ, ഇൻവോയ്സ് എന്നിവ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താക്കൾ ആരുംതന്നെ ആർ. സി .ബുക്കിന്റെ കോപ്പി ഹാജരാക്കിയിട്ടില്ല

വാഹനത്തിന് ഇൻഷ്വറൻസ് എടുത്തതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപേക്ഷകർക്ക് സബ്സിഡി അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 350000 രൂപ തടസ്സപ്പെടുത്തുന്നു.

2.എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി-2170000 രൂപ തടസ്സം

പ്രോജക്ട് നമ്പർ-63/16

ട്രഷറിബിൽ നമ്പർ-P2/15-16/18.1.16-560000

P23/15-16/31.1.16-320000

P24/15-16/31.1.16-420000

P26/15-16/17.3.16-240000

P30/15-16/25.3.16-400000

P33/15-16/25.3.16-200000

P37/15-16/31.3.16-30000

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 22 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുവാനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത്.

സ.ഉ (സാധാ) നമ്പർ 626/16 ത.സ്വ.ഭ.വ തീയതി 15.2.16 പ്രകാരം പഠനമുറി നിർമ്മിച്ചനൽകുന്നതിന്റെ മാനദണ്ഡം താഴെപ്പറയും പ്രകാരമാണ്.

നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെയായിരിക്കണം

നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം

എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുക്കണം

അപേക്ഷകരുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

മേൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2170000 രൂപ തടസ്സപ്പെടുത്തുന്നു.

മറ്റ് അപാകതകൾ

1.പഠനമുറിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

ഫൈനൽ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും നൽകേണ്ടത്. ആയത് പാലിച്ചിട്ടില്ല.

2.ജി.ഓ(ആർ.ടി) 3172/14 LSGD തീയതി .2.2.1.14 പ്രകാരമാണ് എസ്.സി.പി മേഖലയിൽ വ്യക്തിഗതആനുകൂല്യം നൽകാൻ ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് നൽകുന്നതായിരിക്കണമെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ദൃശ്യ ദാമോദരൻ D/O ദാമോദരൻ, ശ്രുതി D/O പ്രേമ വേലായുധൻ ,ശബരീനാഥ് S/O കൃഷ്ണൻകുട്ടി ,അനശ്വര സി.കെ S/O കൃഷ്ണൻ ,അഖില കെ.കെ D/O മാലതി കുട്ടപ്പൻ, ശരത്.കെ.യു. S/O ഉണ്ണികൃഷ്ണൻ, ഷാഹുൽ S/O രാമു എന്നിവരുടെ അപേക്ഷ ഗ്രാമസഭയിൽ അംഗീകരിച്ചതായി കാണുന്നില്ല.

3.ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെ അർഹതാമാനദണ്ഡം വ്യക്തമല്ല.

4.ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

5.ഷാഹുൽ S/O രാമു എന്ന അപേക്ഷകന് മുഴുവൻ തുകയും അനുവദിച്ചിട്ടില്ല

6. നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് പഠനമുറി പൂർത്തീകരിച്ചതിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-2 മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – ശിശു വികസന ഓഫീസർ
പ്രോജക്റ്റ് S000/2016

ബിൽ നം . 01/2015-16 തിയ്യതി 18-12-2015

തുക 700000

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 2015-16 പ്രകാരം ബ്ലോക്കിന് കീഴിൽ വരുന്ന 7 പഞ്ചായത്തുകൾക്ക് 7,00,000 രൂപ കൈമാറിയിട്ടുണ്ട് . 2015-16 സാമ്പത്തിക വർഷത്തിൽ ഓരോ പഞ്ചായത്ത് എത്ര ശതമാനം തുകയാണ് പദ്ധതി വിഹിതമായി ആവശ്യപെട്ടതെന്നും പഞ്ചായത്ത് പാസാക്കിയ പദ്ധതിയിൽ ആകെ അടങ്കൽ തുക എത്രയാണെന്നും ഫണ്ട് അനുവദിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ നിന്നുള്ള അപേക്ഷ എന്നീ രേഖകൾ ഫയലിൽ നിന്ന് ലഭ്യമല്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-3 സാന്ത്വന ചികിത്സ – മരുന്നുകൾ വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല

നിർവ്വഹണഉദ്യോഗസ്ഥൻ – സൂപ്രണ്ട്, സി.എച്ച്.സി, എരുമപ്പെട്ടി.

പദ്ധതി S0055-2016

തുക 200000

ബിൽ നം. 8/2015-16 തി. 29-03-2016

പാലിയേറ്റീവ് പരിചരണം മാർഗ്ഗരേഖ 2012 ജി.ഒ എം.(എസ്)228/2012 ത.സ്വ.ഭ.വ 23-08-2012 പ്രകാരം ഹോം കെയർ നല്കി വരുന്ന കിടപ്പിലായ രോഗികളിൽ സ്ഥിരമായി കഴിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുള്ള രോഗികളെ പരിശോധിക്കുവാനും മരുന്നു ലഭ്യമാക്കുവാനും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. ആശുപത്രിയിൽ സ്റ്റോക്കില്ലാത്തതോ മതിയായ അളവിൽ ലഭിക്കാത്തതോ ആയ മരുന്നുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി ആശുപത്രിക്ക് നൽകാവുന്നതാണ് . എന്നാൽ ഓഡിറ്റിനായി ലഭ്യമാക്കിയ ഫയലിൽ 11-03-2016 ലെ പ്രൊഫോർമ ഇൻവോയ്സ് നം. PRF 3577 പ്രകാരം 58 ഇനം മരുന്നുകളാണ് വാങ്ങുവാനായി ലിസ്റ്റിൽ ഉൾപ്പെടിത്തിയിരിക്കുന്നത്. 8/2015-16 തീയതി 29-03-2016 ബിൽ പ്രകാരം 200000 രൂപ മാറുകയും 25-05-2016 ന് തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം തുക കൈപ്പറ്റിയതും ഫയൽ പരിശോധനയിൽ കാണുന്നു. എന്നാൽ മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം നടത്തുന്നതിനായി സൂക്ഷിച്ചിട്ടുള്ള pain and palliative block project register for medicines എന്ന രജിസ്റ്ററിൽ 14-09-2015 വരെയുള്ള സ്റ്റോക്ക് മാത്രമേ ചേർത്തതായി കാണുന്നുള്ളൂ. ഇൻവോയ്സ്, ബിൽ തിയ്യതികൾ യഥാക്രമം 11-03-2016, 26-03-2016 എന്നിവയാണ്. ആയതിനാൽ മരുന്നുകൾ വാങ്ങി വിതരണം നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-4 മഹിള കിസാൻ ശാക്തീകരൺ പരിയോജൻ അനുമതി

## തുകയേക്കാൾ അധികം ചെലവ് നടത്തി.ബാലൻസ് തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ഇല്ല.

നിർവഹണ ഉദ്യോഗസ്ഥൻ : ഇ.ഒ(ww)

ബയോ ആർമി പരിശീലനത്തിനായി mkspയുടെ 4.1.2016 ലെ 2557/mksp/compT/pmu/15 കത്തിൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ പരിശീലനം നടത്താൻ 10,000/- രൂപ വീതം നൽകുന്നതിന് VEO മാർക്ക് അനുമതി നല്കി. വിശദാംശങ്ങൾ താഴെ.

| വി.ഇ.ഒ | പരിശിലനം നടന്ന തിയതി | തുക | ചെലവ് | പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| ദേശമംഗലം | 29/1/16 | 10,000 | 9915 | 149 | |
| തെക്കുംകര | 27/1/16 | 10,000 | 7660 | 126 | |
| എരുമപ്പെട്ടി | 22/1/16 | 10,000 | 7950 | 110 | |
| മുള്ളൂർക്കര | 25/1/16 | 10,000 | 10,751 | 128 | |
| വരവൂർ | 21/1/16 | 10,000 | 10,500 | 113 | |
| | | ആകെ | 46,776/- | | |

ചെലവഴിച്ച തുക കഴിച്ച് ബാക്കി 3224/- രൂപ തിരിച്ചടവാക്കിയതിന്റെയും അധികമായി ചെലവഴിച്ച 1251/-രൂപ സാധൂകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-5 ഐ.എ.വൈ. ഭവന നിർമ്മാണം: സഹകരണ ബാങ്കിലെ വായ്പ അക്കൗണ്ടിൽ വിതരണം ചെയ്യാതെ നീക്കിയിരിപ്പായി വൻ തുക കിടക്കുന്നു

2012-13 ൽ കരാർ വെച്ച IAY ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധിക ധനസഹായം നൽകുന്നതിന് സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കാൻ 13-6-13 ലെ സ.ഉ(കൈ)നം 220/13 ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിരുന്നു. വായ്പ രജിസ്റ്റർ, ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 13,58,155/- രൂപ 31.3.2016 ൽ നിക്കിയിരിപ്പായി കിടക്കുന്നു. വിശദാംശങ്ങൾ താഴെ.

| സീരിയൽ നം. | ബാങ്ക് | തുക | അക്കൗണ്ട്.നം. | നീക്കിയിരിപ്പ്(31-3-16) |
|---|---|---|---|---|
| 1 | Scb വരവൂർ | 6,00,000 | 3603 | 2164 |
| 2 | Scbമുള്ളൂർക്കര | 6,00,000 | 394 | 1,10,528 |
| 3 | Scbദേശമംഗലം | 15,00,000 | 47684 | 1,65,733 |
| 4 | Scbവടക്കാഞ്ചേരി | 6,00,000 | 3932 | 3563 |

| | | | | |
|---|---|---|---|---|
| 5 | Scbഎരുമപ്പെട്ടി | 5,25,000 | 7595 | 8958 |
| 6 | Scbഅമ്പലപ്പാട്ട് | 4,50,000 | 220130 | 66,959 |
| 7 | Scbപെരിങ്ങണ്ടൂർ | 20,19,598 | 7129 | 10,00,250 |
| | ആകെ | 62,94,598 | | 13,58,155 |

അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടി വായ്പയെടുത്ത തുക വിതരണം ചെയ്യുന്നതിന് കാലതാമസം വരുന്നതുമൂലം പലിശയിനത്തിൽ വൻ തുക ബാങ്കിന് നൽകേണ്ട സാഹചര്യം ഉണ്ട്. 2015-16 ൽ പലിശയിനത്തിൽ 46,260/- (treasury bill no;26/15-16 dt 26.3.16) രൂപ സഹകരണ ബാങ്കിൽ അടവാക്കിയിട്ടുണ്ട്. വായ്പ അനുവദിക്കുന്നത് ത്വരിതപ്പെടുത്തേണ്ടതാണ്.

# 3-6 IAY വൻതുക മുതനിക്ഷേപമായി വിവിധ അക്കൗണ്ടിൽ കിടക്കുന്നു:

ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി വിവിധ ഉറവിടങ്ങളിൽ നിന്ന് ലഭിച്ച തുകകൾ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ കഴിയാതെ മുതനിക്ഷേപമായി അക്കൗണ്ടുകളിൽ കിടക്കുന്നതായി പരിശോധനയിൽ കണ്ടു. 2011-12 വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ 109 ഭവനങ്ങൾ വീട്ടു പണി പൂർത്തിയാക്കാതെയും, ആയതു പൂർത്തിയാക്കാൻ പഞ്ചായത്തിൽനിന്ന് യാതൊരു ശ്രമവും നടത്തിവരുന്നതായും കാണുന്നില്ല. വിവിധ അക്കൗണ്ടിൽ മുതനിക്ഷേപമായി കിടക്കുന്ന തുകയുടെ വിശദാംശങ്ങൾ താഴെ.

| ക്രമ നം | അക്കൗണ്ട് നം. | 1/4/15ലെ തുക | 31/3/16ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 5465 IAY central SBT Wadakkanchery | 62,45,034 | 1,80,04,072 |
| 2 | 94494 IAY Plan SBT Wadakkanchery | 2,03,56,804 | 1,13,25,232 |
| 3 | 0661 IAY State UBI Wadakkanchery | 64,45,430 | 23,55,434 |
| 4 | 7963 IAY Dist panchayat,SBT wadakkanchery | 71,91,117 | 11,18,554 |
| 5 | IAY grama panchayat SBT wadakkanchery | - | 3522607 |

2011-12 വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ 109 ഭവനങ്ങൾ വീട്ടു പണി പൂർത്തിയാക്കാതെ നിർജ്ജീവ ആസ്തിയായി തള്ളി വിടുന്ന സാഹചര്യം പദ്ധതി ലക്ഷ്യം

നിറവേറ്റുന്നതിന് തടസ്സമാണ്. വീടു പണി പൂർത്തിയാക്കാൻ പഞ്ചായത്തിൻെറ ഭാഗത്തുനിന്ന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

## 3-7 സ്ഥാപനവുമായി കരാർ വെക്കുന്നതിന് മുൻപ് ഡി.ഡി കൈമാറി:

"ബ്ലോക്ക് ഓഫീസിൽ സോളാർ വൈദ്യുതികരണം" എന്ന (69/16) പ്രോജക്ടിനുവേണ്ടി എം.ജി നോൺ റോഡ് ഗ്രാന്റിൽനിന്ന് 6,00,000/- രൂപ അനുവദിച്ചു . പ്രസ്തുത പദ്ധതി സി-ഡിറ്റ് എന്ന സ്ഥാപനത്തെ ഏല്പിക്കുകയും 17/6/16 ലെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻണ്ടിങ്ങ് കം എഗ്രിമെന്റ് പ്രകാരം 4,79,809/- രൂപ മുൻകൂറായി മേൽ സ്ഥാപനത്തിന് കൈമാറി. (Rs.357158/-vide DD No. 212172 dt 31.3.16 and Rs.122651 vide DD No. 212173 dt 31.3.16). 17/6/16 ൽ കരാർ വെച്ച സ്ഥാപനത്തിന് 31/3/16ൽ ഡി.ഡി. നൽകിയ സാഹചര്യം നിലവിലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ (1996) ക്ക് വിരുദ്ധമായി ഓഡിറ്റിൽ വീക്ഷിക്കുന്നു. ഡി.ഡി കൈവശം വെച്ച കാലയളവിലെ (78ദിവസം) നിയമാനുസൃത പലിശ ഉത്തരവാദികളിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 വിനിയോഗ/പൂർത്തികരണ സാക്ഷ്യപത്രത്തിൻെറ അഭാവത്താൽ ചെലവ് തുക 1245000രൂപഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

"ആശ്രയ" (51/16), "ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ"(57/16-TSP)എന്ന ബ്ളോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ പ്രോജക്ടിനിവേണ്ടി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

(A) ആശ്രയ പദ്ധതി.
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
ചെലവഴിച്ച തുക: 11,75,000/-

ട്രഷറി ബിൽ നം: 18/15-16 dt 30/1/16=400,000/-

ട്രഷറി ബിൽ നം: 3/15-16 dt 15/7/15=7,75,000/-

കൈമാറിയ തുകയുടെ വിവരം.

| ക്രമ. നം. | പ്രോജക്ട് നം. | പഞ്ചായത്ത് | പഞ്ചായത്തിന് കൈമാറിയ തുക | കൈമാറിയ ഡി.ഡി.നം. |
|---|---|---|---|---|
| 1 | 33/16 | വരവൂർ | 2,80,000/- | 982174/17-7-15 |
| 2 | 38/16 | വടക്കാഞ്ചേരി | 3,00,000/- | 982175/17-7-15 |
| 3 | 64/16 | മുള്ളൂർക്കര | 1,95,000/- | 982176/30-7-15 |
| 4 | 59/16 | തെക്കുംകര | 4,00,000/- | 209898/3-2-16 |

| | | | | |
|---|---|---|---|---|
| | | ആകെ | 11,75,000/- | |

(B). ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.
ചെലവഴിച്ച തുക: 70,000/-

ട്രഷറി ബിൽ നം.26/15-16 dt 31-3-16 .

തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ 146/16 എന്ന സംയുക്ത പ്രേജക്ടിന്റെ ബ്ലോക്ക് വിഹിതമായി ഇവിടെ അംഗികരിച്ച 57/16 TSP എന്ന പ്രോജക്ടിനുവേണ്ടി 70,000/- രൂപ കൈമാറി.

മേൽ രണ്ടു പ്രോജക്ടിനിവേണ്ടി ചെലവഴിച്ച തുകയുടെ വിനിയോഗ പൂർത്തികരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക1245000രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്തിനു കൈമാറിയ തുക 1000000 രൂപ –നിഷ്ഫലമായ ചെലവ്വ് തുക തിരിച്ചുപിടിക്കേണ്ടതാണ്

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന് അക്വാട്ടിക് കോംപ്ലക്സ് നിർമാണത്തിനായി 2014-15 വർഷത്തിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തും മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തും സംയുക്തമായി ഒരു പ്രോജക്ട് വച്ചിരുന്നു. ഇതിനായി 1000000 രൂപ മുണ്ടത്തിക്കോട് പഞ്ചായത്തിനു ബ്ലോക്ക് പഞ്ചായത്ത് കൈമാറുകയും ചെയ്തു. എന്നാൽ നാളിതുവരെ യാതൊരു പ്രവൃത്തിയും ഗ്രാമപഞ്ചായത്തു നടത്തിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്.

14-15 വർഷത്തിന്റെ തുടർ പ്രോജക്ടായി so 61/16 എന്ന പ്രോജക്ടിനു 900000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 14-15 വർഷത്തിൽ അനുവദിച്ച 1000000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ മേൽ പ്രോജക്ട് ഒഴിവാക്കി.(18.1 16 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനം നമ്പർ 5) ഫണ്ട് കൈമാറിയത് യഥാർത്ഥ ആവശ്യത്തിനു വിനിയോഗിക്കുന്നുണ്ടോ എന്നു വിലയിരുത്തുന്നതിനോ, നിരീക്ഷിക്കുന്നതിനോ നിലവിലുള്ള സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നതിന് ഉദാഹരണമാണ് ഇത്. ഒരു പ്രവർത്തിയും നടക്കാത്ത സാഹചര്യത്തിൽ കൈമാറിയ 1000000 രൂപ പലിശ സഹിതം ബ്ലോക്ക് പഞ്ചായത്തിനു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നംപർ 1—മറുപടി ലഭ്യമാക്കിയില്ല)

## 3-10 കുടിവെള്ള പദ്ധതികൾക്കായി 2015-16 വർഷത്തിൽ ഭൂഗർഭജലവകുപ്പിൽ ഡെപ്പോസിറ്റു ചെയ്ത തുക അപര്യാപ്തം,പ്രവർത്തി നടന്നില്ല-

താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾക്കായി ഭൂഗർഭ ജലവകുപ്പിൽ 1400000 രൂപ ഡെപ്പോസിറ്റു ചെയ്തിട്ടുണ്ട്.എന്നാൽ ടി തുക അപര്യാപ്തമാണെന്നു ഭൂഗർഭജല വകുപ്പിൽനിന്നും കത്തുമുഖേനെ അറിയിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര്,പ്രോജക്ടനമ്പർ | ഡെപ്പോസിറ്റുചെയ്ത തുക, ഡിഡി നമ്പർ | ഭൂഗർഭജല വകുപ്പിന്റെ എസ്റ്റിമേറ്റ് തുക | അധികമായി അടയ്ക്കേണ്ട തുക | കത്തിന്റെ വിശദവിവരം |
|---|---|---|---|---|---|
| 1 | എരുമപ്പെട്ടി സി എച്ച് സി കുടിവെള്ള പദ്ധതി-പ്രോജക്ട്നമ്പർ-soo100/16 | 500000/ Ddno..212432dtd 4,4,16 | 700000 | 200000 | No,DGT/650/16A dtd 16.8.16 ജില്ലാഓഫീസർ, ഭൂഗർഭജലവകുപ്പ് |
| 2 | തൃക്കണപതിയാരം ആനമുക്ക് കുടിവെള്ളപദ്ധതി, പ്രോജക്ട്നമ്പർ so101/16 | 900000 DD No 211517 dtd29,3,2016 | 1800000 | 900000 | DGT/650/16 dtd15.10.16 , ജില്ലാഓഫീസർ, ഭൂഗർഭജലവകുപ്പ് |
| | ആകെ | 1400000 | | | |

ഡെപ്പോസിറ്റുമായി ബന്ധപ്പെട്ട് താഴെപറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1)എന്ത് അടിസ്ഥാനത്തിലാണ് തുക ഡെപ്പോസിറ്റ് ചെയ്തത്? എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണെങ്കിൽ പിന്നീട് ഡെപ്പോസിറ്റ് തുകയിൽ ഇത്രയ്ക്ക് വ്യതിയാനമുണ്ടാകുന്നത് എന്തുകൊണ്ടാണ്?

2)ഭൂജലവകുപ്പ് ജില്ലാ ആഫീസറുടെ 19.3.16 ലെ DGT/650/2016 നമ്പർ കത്തുപ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പദ്ധതികൾ ചില സാങ്കേതിക ബുദ്ധിമുട്ടുകൾമൂലം ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ കഴിയില്ലെന്നു ആറിയിച്ചിട്ടുണ്ട്. സാങ്കേതിക ബുദ്ധിമുട്ടുകൾ എന്തെന്ന് വ്യക്തമാക്കിയിട്ടില്ല. 19.3 2016 നു ശേഷമാണ് തുക ഡെപ്പോസിറ്റ് ചെയ്തുകാണുന്നത്.

ആർക്കും ഒരുപകാരവുമില്ലാതെ പദ്ധതിപ്പണം ചെലവഴിച്ചതിനു വിശദീകരണം നൽകേണ്ടതാണ്.

# 3-11 നായാടികോളനി കുടിവെള്ളപദ്ധതി-അപാകതകൾ

നായാടികോളനി കുടിവെള്ള പദ്ധതി നടപ്പാക്കിയിരിക്കുന്നത് മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലാണ്. മുൻവർഷത്തിൽ ഗ്രാമപഞ്ചായത്ത് കുഴിച്ച കുഴൽക്കിണറാണ് ഈ പ്രോജക്ടിന്റെ ജലസ്രോതസ്സ്. 15-16 വർഷത്തിൽ വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത് 500000 രൂപ അടങ്കലിൽ ഫെറോസിമന്റ് പമ്പ്ഹൗസ് പണിയുന്നതിനും പമ്പിങ്ങ്മെയിനും,ഡിസ്ട്രിബ്യൂഷൻ ലൈനും ,വാട്ടർടാങ്കും ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം മോട്ടോറും പമ്പുസെറ്റും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രോജക്ടിന്റെ അപാകതകൾ താഴെകോടുക്കുന്നു

1)GO(RT)3172/14ത.സ്വ.ഭ.വ തിയതി 2.12.14 ഉത്തരവ്വ പ്രകാരം കുടിവെള്ള പദ്ധതി, വൈദ്യുതി ലൈൻ നീട്ടൽ എന്നീ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ടിൽ ഇത്തരത്തിലുള്ള സമ്മതപത്രമോ പ്രവൃത്തി നടത്തുന്നതിന് ആസ്തി ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയതിന്റെ രേഖകളോ ഒന്നുംതന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല,

2)12-ാം പഞ്ചവത്സര പദ്ധതി (2012-17)പുതുക്കിയ മാർഗ്ഗരേഖ ജി,ഒ (എം എസ്)4/16ത.സ്വ.ഭ.വ തിയ്യതി 11.1.16 ഉത്തരവ്വപ്രകാരം ഒരു കുടിവെള്ളപദ്ധതി തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭിക്കുന്നതിനു എന്തെല്ലാം പ്രവർത്തികൾ ആവശ്യമാണോ അവയെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കണം. തുകയുടെ പരിമിതി ഉണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി തയ്യാറാക്കണം. ഈ നിബന്ധനയും ഇവിടെ പാലിച്ചുകാണുന്നില്ല.

നിലവിലുള്ള ഉത്തരവുകൾക്കു വിരുദ്ധമായി പദ്ധതികൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-12 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില ബ്ലോക്ക് പഞ്ചായത്തിനു ലഭ്യമായിട്ടില്ല.

GO(P) no 524/2015,fin dtd 17.11.2015 ഉത്തരവ്വപ്രകാരം എസ്റ്റിമേറ്റ് തുക 5ലക്ഷം രൂപയും അതിനുമുകളിലും വരുന്ന എല്ലാ മരാമത്തു പ്രവൃത്തികളും ഇ ടെണ്ടറിന്റെ പരിധിയിലേക്കു ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർഫോമിന്റെ വില നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിനു ലഭിച്ചിട്ടില്ല. നാളിതുവരെ ലഭിക്കേണ്ടതായ 213489 രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേക്കു ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നത് ഉത്തരവ്വപ്രകാരമല്ല

2015-16 വർഷത്തിൽ റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത് DAR ൽ റോഡ് പ്രവൃത്തികളെകുറിച്ച് പ്രതിപാദിയ്ക്കുന്ന 16-ാം അദ്ധ്യായത്തിലെ ഇനം 16.42 ആണ്. എന്നാൽ ഈ സ്പെസിഫിക്കേഷനു പകരം റോഡ് കോൺക്രീറ്റിങ്ങിനു ഉപയോഗിച്ചിരിക്കുന്നത് DAR sub head 4ലെ 4.1.8,sub head 11ലെ 11.7എന്നീ ഇനങ്ങളാണ്. 4.1.8 അനുസരിച്ച് 1:4:8 എന്ന അനുപാതത്തിൽ കോൺക്രീറ്റിങ്ങ് നടത്തുകയും അതിനുമുകളിൽ 11.7 അനുസരിച്ച് 1:2:4എന്ന അനുപാതത്തിൽ കോൺക്രീറ്റിങ്ങ് നടത്തുകയും ചെയ്യുവരുന്നു. നിശ്ചിത സ്പെസിഫിക്കേഷൻ 16.42 ഉപയോഗിക്കാത്തത് അധിക ചെലവിനു ഇടയാകുന്നില്ലെങ്കിലും നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണെന്നു കാണുന്നു. തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ച പ്രവൃത്തികൾക്കു ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം. | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Soo98/16 | ഞെട്ടുകണ്ണികോളനി സമഗ്രവികസനം | 612489 |
| 2 | S0016/16 | പെരേപ്പാടം കോളനി സമഗ്രവികസനം | 500000 |
| 3 | Soo17/16 | വെടിപ്പാറകോളനി സമഗ്രവികസനം | 500000 |
| 4 | So46/15 | പള്ളത്തുകോളനി സമഗ്രവികസനം | 500000 |
| 5 | So45/15 | ഓാംകുന്ന കോളനി സമഗ്രവികസനം | 500000 |

## 3-14 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കുന്നതു സംബന്ധിച്ച്

2015-16 വർഷത്തിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന 13 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166(1)പട്ടിക 3പ്രകാരം ടി സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് ഗ്രാമപഞ്ചായത്തുകളാണ് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | 16/15-16 | പെരേപ്പാടം കോളനി സമഗ്രവികസനം | 500000 | 467085 | 19/15-16 |
| 2 | 17/15-16 | വെടിപ്പാറ കോളനി സമഗ്രവികസനം | 500000 | 471910 | 35/15-16 |
| 3 | 40/15-16 | തിച്ചൂർ പോന്നംകുന്ന് കോളനിസമഗ്രവികസനം | 500000 | 474689 | 49/15-16 |
| 4 | 41/15-16 | ഇരുന്നാംകല്ല് കോളനി സമഗ്രവികസനം | 410000 | 385140 | 28/15-16 |
| 5 | 42/15-16 | കുട്ടഞ്ചേരി കോളനി സമഗ്രവികസനം | 500000 | 468887 | 41/15-16 |
| 6 | 45/15-16 | 1017 scകോളനി സമഗ്രവികസനം | 500000 | 473819 | 39/15-16 |
| 7 | 48/15-16 | മുട്ടിക്കൽ കോളനി സമഗ്രവികസനം | 500000 | 468196 | 27/15-16 |
| 8 | 75/15-16 | ഉമിക്കുന്ന് കോളനിസമഗ്രവികസനം | 3881000 | 367822 | 18/15-16 |

| | | | | | |
|---|---|---|---|---|---|
| 9 | 77/15-16 | തെച്ചിക്കൽ കോളനി സമഗ്രവികസനം | 500000 | 397104 | 16/15-16 |
| 10 | 78/15-16 | ഓംകുന്ന് കോളനി സമഗ്രവികസനം | 440000 | 119436'-298454 | 10/15-16 36/15-16 |
| 11 | 79/15-16 | പള്ളത്ത്കോളനി സമഗ്രവികസനം | 500000 | 458317 | 11/15-16 |
| 12 | 85/15-16 | കുമരനെല്ലൂർ കോളനി സമഗ്രവികസനം | 500000 | 473954 | 1/15-16 |
| 13 | 98/15-16 | ഞെട്ടുകണ്ണി കോളനി സമഗ്രവികസനം | 612489 | 424410 | 52/15-16 |

സമഗ്രവികസനം എന്ന പേരിലാണ് പ്രോജക്ട് വയ്ക്കുന്നതെങ്കിലും റോഡുപണി മാത്രമാണ് നടത്തിയിരിക്കുന്നത്. ഭാവിയിൽ പ്രോജക്ടുകൾ വയ്ക്കുമ്പോൾ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 സംയുക്ത റോഡ് നിർമ്മാണ പ്രോജക്ടുകൾ ഗ്രാമ/ബ്ളോക്ക പഞ്ചായത്തുകൾ--നിബന്ധനകൾ പാലിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തുകൾ റോഡു പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഗ്രാമ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾക്ക് തുക വകയിരുത്താമെന്നുണ്ട്. ഇത്തരത്തിൽ തുക വകയിരുത്തുമ്പോൾ എസ്റ്റിമേറ്റ് തുക 5ലക്ഷത്തിൽ കുറയാൻ പാടില്ല. ഏറ്റെടുക്കുന്ന റോഡിന് 5 മീറ്റർ വീതി ഉണ്ടായിരിക്കണം എന്നാണ് ജി ഒ (ആർ .ടി) 2769/14 ത.സ്വ.ഭ.വ. 21.8.14 ഉത്തരവിൽ പറയുന്നത്. എന്നാൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ മേൽ നിബന്ധനകൾ പാലിക്കാതെയാണ് 2015-16 വർഷത്തിൽ റോഡ്പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നത്.ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | റോഡിന്റെ വീതി മീറ്ററിൽ |
|---|---|---|---|
| 1 | | 476000 | 3 |
| 2 | | 403950 | 3 |
| 3 | | 388100 | 3 |
| 4 | | 440000 | 3 |
| 5 | | 410000 | 3.5 |
| 6 | | 500000 | 3 |
| 7 | | 900000 | 3 |

എസ്റ്റിമേറ്റ് റിപ്പോർട്ടിലൊന്നും തന്നെ റോഡിന്റെ വീതിയോ നീളമോ ഒന്നുംതന്നെ

രേഖപ്പെടുത്തുന്നില്ല. പ്രോജക്ടറിപ്പോർട്ടിൽ മാത്രമാണ് റോഡിന്റെ നീളവും വീതിയും രേഖപ്പെടുത്തിക്കാണുന്നത്.

## 3-16 സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണപ്രവൃത്തി-- അപാകതകൾ

2015-16 വർഷത്തിൽ രണ്ടു സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിരിക്കുന്നത്. അവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുവായിക്കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

I ശ്രീ കെ.കരുണാകരൻ സ്മാരക സാംസ്കാരിക നിലയം

പ്രോജക്ട് നമ്പർ - 70/16

അടങ്കൽ – 1000000

എഗ്രിമെന്റ് – 42/14-15 AEE, LSGD /wky dt. 24.3.15

എം.ബി നമ്പർ - 42/14-15

ചെലവ് – 991581(Bill no8/15-16 dtd 24.7.15 Rs 460434, bill no 57/15-16 dtd 30.3.16 Rs 531147)

1) തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ പെട്ടതാണ് ശ്രീ കെ, കരുണാകരൻ സ്മാരക സാംസ്കാരിക നിലയം സ്ഥിതിചെയ്യുന്നത്. മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തിയിൽപ്പെട്ട സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ സ്ഥലം ഏറ്റെടുത്തതിന്റേയും അനുമതി ലഭ്യമാക്കിയതിന്റേയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്തിന് സാംസ്കാരിക നിലയം കൈമാറിയതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

2)വി.കെ .ഉണ്ണികൃഷ്ണൻ എന്നയാളാണ് ടി പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. 1000000 രൂപ അടങ്കൽ ഉള്ള ടി പ്രവൃത്തി ക്വട്ടേഷൻ മുഖേന എസ്റ്റിമേറ്റ് നിരക്കിലാണ് ശ്രീ വി.കെ ഉണ്ണികൃഷ്ണനെ ഏല്പിച്ചിരിക്കുന്നത്. 2014-15 ൽ രണ്ടുതവണ ടെണ്ടർ നടത്തിയിട്ടും ആരും ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ വിളിച്ചു എന്നാണ് ക്വട്ടേഷൻ അംഗീകരിച്ച ബ്ലോക്ക് പഞ്ചായത്തു കമ്മറ്റി തീരുമാനത്തിൽ പറഞ്ഞിരിക്കുന്നത്. 13.2.15ലെ 5-ാം നമ്പർ തീരുമാനം) എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഫയലിലില്ല. നെഗോസിയേഷൻ നടത്തിയതായും കാണുന്നില്ല.

3)മോണിറ്ററിംഗ് റിപ്പോർട്ട്,പൂർത്തീകരണ സർട്ടിഫിക്കേറ്റ് എന്നിവ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല

4)പ്രവൃത്തി പൂർത്തീകരിച്ചതിന്റെയോ സ്ഥാപനത്തിന്റെ ബോർഡ് സ്ഥാപിച്ചതിന്റേയോ ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) എം.ബി പേജ് നമ്പർ 57 to 65 വരെ അളവെടുക്കുകയോ, മേലളവു പരിശോധിക്കുകയോ

ചെയ്യുകാണുന്നില്ല,

6) എസ്റ്റിമേററ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

II കാരക്കുന്ന് കോളനി സാംസ്കാരിക നിലയം

പ്രോജക്ടനമ്പർ – soo76/15-16 scp

എസ്റ്റിമേറ്റ് – 500000

ടെണ്ടർ – ഏക ടെണ്ടർ

എഗ്രിമെന്റ് – 43/2014-15 AEE,LSGD/wky dtd 28.3.15

ചെലവ് – 498993(bill no 26/15-16 dtd 17.2.16)

പൊതുവായി കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1)ഏക ടെണ്ടറാണ് ലഭിച്ചിരിക്കുന്നത് നെഗോസിയേഷൻ നടത്തിയിട്ടില്ല.

2)ഏക വർഷ പ്രോജക്ടായി 2014-15 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തി 2015-16 ലാണ് പൂർത്തീകരിച്ചിരിക്കുന്നത്.

3)പട്ടികജാതി വിഭാഗക്കാർക്കായി നടപ്പാക്കുന്ന പ്രോജക്ടായതിനാൽ സ്ഥാപനത്തിനുമുന്നിൽ നിശ്ചിത ബോർഡ് സ്ഥാപിച്ചതിന്റേയും പ്രവൃത്തി പൂർത്തീകരിച്ചതിന്റേയും ഫോട്ടോ ഗ്രാഫുകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4)മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല

എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

# 3-17 IWMP –ഓഡിറ്റിൽ കണ്ട അപാകതകൾ

1)സീഡ് മണി വിതരണം

2015-16 സാമ്പത്തിക വർഷത്തിൽ IWMP പദ്ധതി പ്രകാരം താഴെപറയുന്ന നീർത്തടങ്ങളിലെ JLG ഗ്രൂപ്പുകൾക്ക് സീഡ് മണി ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ | തുക | എക്കൗണ്ട് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 30/15-16 | 675000 | 67213205885- rs-37500 0 67219346909-Rs 300000 | Jlg/wc എരുമപ്പെട്ടിഗ്രാമ പഞ്ചായത്ത് |
| 2 | 35/15-16 | 175000 | 67212048468- | JLGവരവൂർ |

| | | | | |
|---|---|---|---|---|
| | | | Rs25000-<br>67212048661-<br>Rs25000<br>67212049029-Rs<br>25000<br>67212598105-100000 | |
| 3 | 47/15-16 | 50000 | 67213205885 | JLG ചിറ്റണ്ട പാടംതോട് |

2)അഡ്വാൻസ് സംഖ്യ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

വൗച്ചർ നമ്പർ 36/15-16 പ്രകാരം കപ്പാസിറ്റി ബിൽഡിങ്ങ്(visit to Azhutha Block hanchayath,Idukki on 2016 feb.5,6)30000രൂപ യാത്രാചെലവിനായി അഡ്വാൻസ് എടുത്തിട്ടുണ്ട്. അയതിന്റെ അഡ്ജസ്റ്റ്മെന്റ് വിവരങ്ങൾ ലഭ്യമായിട്ടില്ല. ലഭ്യമാക്കേണ്ടതാണ്.

3)കരാർ ജീവനക്കാരുടെ ശമ്പള വിതരണം, ജീവനക്കാർ സമർപ്പിച്ച ജോലിഡയറി മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ | തുക |
|---|---|---|
| 1 | 17/15-16 | 58000 |
| 2 | 26/15-16 | 58000 |
| 3 | 49/15-16 | 58000 |

ജോലിഡയറി സാക്ഷ്യപ്പെടുത്തേണ്ടതാണ്

4)യൂസർ ഗ്രൂപ്പുകൾക്ക് അഡ്വാൻസ് കൊടുക്കുന്നത് സംബന്ധിച്ച്

യൂസർ ഗ്രൂപ്പുകൾക്ക് ഓരോ പ്രവൃത്തി നടത്തുന്നതിന് പ്രവൃത്തിയുടെ അടങ്കൽ തുകയുടെ 25% അല്ലെങ്കിൽ 100000 രൂപ ഏതാണോ കുറവ് അത് കൊടുക്കാവുന്നതാണ്. എന്നാൽ താഴെപറയുന്ന കേസുകളിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ അടങ്കൽ തുകയ്ക്കു ആനുപാതികമായാണോ തുക മുൻകൂർ അനുവദിച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | വൗച്ചർനമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 1 | 33/15-16 | 75000 | /user group വരവൂർ ഗ്രാമപഞ്ചായത്ത് വിസിബി റിപ്പെയർ |
| 2 | 34/15-16 | 20000 | എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വിസിബി റിപ്പെയർ |

| | | | |
|---|---|---|---|
| 3 | 42/15-16 | 100000 | മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് നീർചാൽ സൈഡ് കെട്ടി സംരക്ഷിക്കൽ |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2015-16 | 14227830 | IAY Block Share | 13109246 | 1118584 |
| ഗ്രാമപഞ്ചായത്ത് | 2015-16 | 7592697 | IAY Block Share | 4070090 | 3522607 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| GWD | Thrikanapathiyaram anamukku drinking water | DD No. 211517 dt. 29.3.16 | 900000 | 0 | 900000 |
| GWD | Erumapetty CHC drinking water | DD No. 212432 dt.04.04.16 | 500000 | 0 | 500000 |

ചെലവഴിക്കാൻ ബാക്കിയുള്ള 14,00,000 രൂപ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 134226453 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 144674999 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3765000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2520000 | ജോസഫ് ജോൺ പട്ടികജാതി വികസന ഓഫീസർ |
| 3-8 | 1245000 | എ)1175000രൂപ- പി.വി.സത്യൻ സെക്രട്ടറി ബി)70000രൂപ- |

| | | |
|---|---|---|
| | | പി.എച്ച്.ഷൈൻ<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ടി.20 – 567/ 2000/21.08.2000 |
| 1998-99 | എൽ.എഫ്.ടി.20- 63/01/03.08.2001 |
| 1999-2000 | എൽ.എഫ്.ടി.21 – 2591/07/31.03.09 |
| 2000-01 | എൽ.എഫ്.ടി.21 – 2590/07/31.03.2009 |
| 2001-02 | എൽ.എഫ്.ടി.21-2589/07/31.03.2009 |
| 2002-03 | എൽ.എഫ്.ടി.21- 2565/07/31.03.2009 |
| 2003-04 | എൽ.എഫ്.ടി.21- 2566/07/31.03.2009 |
| 2004-05 | എൽ.എഫ്.ടി.21- 1071/09/11.05.2010 |
| 2005-06 | എൽ.എഫ്.ടി.21 – 1072/09/11.05.2010 |
| 2006-07 | എൽ.എഫ്.ടി.21- 1073/09/11.05.2010 |
| 2007-08 | എൽ.എഫ്.ടി (ബി.പി)1914/11/21-1-12 /3-8-12 |
| 2008-09 | എൽ.എഫ്.ടി.(ബി.പി)1915/11/21-1-12 /3-8-12 |
| 2009-10 | എൽ.എഫ്.ടി (ബി.പി) 1916/11 |

| | |
|---|---|
| | /21.01.2012/ 03.08.2012 |
| 2010-11 | എൽ.എഫ്.ടി (ബി.പി) 1974/12 /05.02.2013 / 08.04.2013 |
| 2011-12 | എൽ.എഫ്.ടി (ബി.പി)1829/13/ 05.02.2014 / 14.03.2014 |
| 2012-13 | എൽ.എഫ്.ടി (ബി.പി) 1505/14 /05.01.2015 / 10.02.2015 |
| 2013-14 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി) 389/15 13.07.2015/ 30.09.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി)1696/16/19.5.16/23.8.16 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ